# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4276 20.03.2018 ൽ മറുപടിയ്ക്ക്

### മോട്ടോർ വാഹന വകുപ്പിന്റെ പരിഷ്ക്കരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.എ. എൻ. ഷംസീർ<br>ശ്രീ. പി.കെ. ശശി<br>ശ്രീ. ആന്റണി ജോൺ<br>ശ്രീ. കെ. ആൻസലൻ | | ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാന മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തു വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനങ്ങൾ പരിഷ്ക്കരിക്കുന്നതുമായി ബന്ധപ്പെട്ട് ഗതാഗത നിയമലംഘനങ്ങൾ കണ്ടുപിടിക്കുവാനുള്ള സംവിധാനത്തിനും നൂതന സാങ്കേതികത പരിശോധിച്ച് നടപ്പിലാക്കുവാനുമുള്ള പദ്ധതിയ്ക്ക് അംഗീകാരം നൽകി. പേപ്പർ രഹിത ഓഫീസ് സംവിധാനമായ ഇ-ഓഫീസ് വകുപ്പിന്റെ മേഖലാ ഓഫീസുകളിലേക്ക് വ്യാപിപ്പിച്ചു. മറ്റ് ഓഫീസുകളിലേക്കും ഇത് വ്യാപിപ്പിക്കുന്നതാണ്. ഓഫീസുകളിൽ ക്യാമറാനിരീക്ഷണസംവിധാനം ഏർപ്പെടുത്തുവാൻ പി.ഡബ്ലിയു.ഡി. ഇലക്ട്രോണിക്സ് വിഭാഗത്തെ ഏൽപ്പിച്ചിട്ടുണ്ട്. ഓഫീസുകൾ ആധുനികവത്കരിക്കുവാനും ഉപകരണങ്ങൾ വാങ്ങുവാനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.വകുപ്പിന്റെ ചെക്ക് പോസ്റ്റുകൾ ആധുനികവത്കരിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. |
| (ബി) | വകുപ്പിലെ കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഭാഗമായി വിവിധ പ്രദേശങ്ങളിൽ സ്വതന്ത്രമായ സെർവറുകളിൽ വിവരങ്ങൾ ശേഖരിക്കുന്ന നിലവിലുള്ള സമ്പ്രദായം മാറ്റി പകരം കേന്ദ്രീകൃത സെർവർ സംവിധാനമൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ; | (ബി) | വകുപ്പിൽ കേന്ദ്രീകൃത സംവിധാനത്തിലുള്ള വാഹൻ-സാരഥി സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ ഘട്ടംഘട്ടമായി പുരോഗമിക്കുന്നു. ഇതിന്റെ ആദ്യപടിയായി ലൈസൻസ് അധിഷ്ഠിത സേവനങ്ങൾ സാരഥി വഴി പരീക്ഷണരീതിയിൽ (ലേണേഴ്സ് ലൈസൻസ്, പുതിയ ഡ്രൈവിംഗ് ലൈസൻസ്) മൂന്ന് ഓഫീസുകളിൽ -ആർ.ടി.ഒ., നാഷണൽ സെക്ടർ, തിരുവനന്തപുരം, ആർ.ടി.ഒ. ആലപ്പുഴ, സബ് |

| | | | |
|---|---|---|---|
| | | | ആർ.ടി.ഒ., കരുനാഗപ്പള്ളി എന്നിവിടങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. ആർ.ടി.ഒ., നാഷണൽ സെക്ടറിൽ ബാക്കി ലൈസൻസ് സേവനങ്ങളും ഉടൻ നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. നിലവിൽ സാരഥിയിൽ ഉള്ള സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ചാൽ മാത്രമേ സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും നടപ്പിലാക്കാൻ കഴിയുകയുള്ളൂ. വാഹനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾ നൽകുന്ന വെബ് അധിഷ്ഠിത വാഹൻ സോഫ്റ്റ് വെയർ പരീക്ഷണഘട്ടത്തിലാണ്. ഇതിലെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച ശേഷം പരീക്ഷണ രീതിയിൽ സബ് ആർ.ടി.ഒ. നെയ്യാറ്റിൻ കരയിൽ നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. |
| (സി) | വകുപ്പിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പൊതു ജനങ്ങളുടെ പരാതിയും അപേക്ഷകളും ഓൺ ലൈൻ വഴി സമർപ്പിക്കുന്നതിന് നിലവിൽ സൗകര്യമൊരുക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി ഈ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഉണ്ട്. |

**സെക്ഷൻ ഓഫീസർ**